**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 848** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതിപട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ പഠനം നിർത്തി പോകുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട് |
| (ബി) | വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്കിന്റെ കാരണങ്ങൾ കണ്ടെത്തി ആയത് പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (ബി) | പഠനത്തിന് പ്രോത്സാഹനവും സഹായകരവുമാകുന്ന തരത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>**<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>• ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്<br>• പ്രീമെട്രിക് സ്കോളർഷിപ്പ്<br>• 9, 10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്<br>• പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ<br>• പ്രത്യേക പ്രോത്സാഹന സമ്മാനം<br>• മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം<br>• പ്ലസ്ടു പഠനത്തിന് ശേഷമുള്ള എൻട്രൻസ് കോച്ചിംഗ്<br>• പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്<br>• ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം<br>• സ്റ്റെതസ്കോപ്പ് വിതരണം<br>• ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ<br>• ബിരുദ/ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന |

| | | | |
|---|---|---|---|
| | | | പരിശീലനോപകരണങ്ങൾ/ ഉപാധികൾ വാങ്ങുന്നതിന് ധനസഹായം.<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>• സാമൂഹ്യപഠനമുറി<br>• മെന്റർ ടീച്ചർമാരുടെ സഹായം<br>• വിദ്യാവാഹിനി പദ്ധതി<br>• രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം<br>• സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ<br>• 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്രസഹായ സ്കോളർഷിപ്പ്<br>• സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br>• അംഗീകൃത യൂണിവേഴ്സിറ്റികളിൽ/ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ പഠന വിഷയമായതോ, അത്യന്താപേക്ഷിതമായതോ ആയ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി. |
| (സി) | വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയാൻ ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | മുൻ വർഷങ്ങളിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ നടപ്പ് വർഷവും തുടർന്ന് വരുന്നുണ്ട്. കൂടാതെ പ്രീപ്രൈമറി തലം മുതൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള നഴ്സറി സ്കൂളുകൾ, കിന്റർഗാർട്ടൻ, വികാസ് വാടി, ബാലവിജ്ഞാന കേന്ദ്രം , പെരിപ്പറ്റെറ്റിക് സ്കൂൾ എന്നീ 31 പ്രീപ്രൈമറി സ്ഥാപനങ്ങൾ ഏകീകരിച്ച് "മോഡൽ പ്രീ സ്കൂൾ" എന്നാക്കി നടപ്പുവർഷം മുതൽ പ്രവർത്തിച്ചു വരുന്നു. ടി സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങളും, അക്കാദമിക് ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടി സ്ഥാപന ങ്ങൾക്ക് പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ, ഫർണിച്ചറുകൾ, കളി ഉപകരണങ്ങൾ, ഡിജിറ്റൽ ക്ലാസ് റൂമുകൾ, പൂന്തോട്ടം എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ധനസഹായവും അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണവും, പോഷകാഹാരവും ഉറപ്പു വരുത്തുന്നതിന് മിൽമയുമായി സഹകരിച്ച് പാലും, മുട്ടയും നൽകി വരുന്നുണ്ട്. ഈ സ്ഥാപനങ്ങൾ തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, |

| | | | |
|---|---|---|---|
| | | | വയനാട്, കണ്ണൂർ, കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രവർത്തിച്ചുവരുന്നത്.<br><br>പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ നിരന്തര പ്രവർത്തനങ്ങളും, എം.എൽ.എമാർ അദ്ധ്യക്ഷൻമാരായുള്ള നിയോജകമണ്ഡല തലത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടവും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സഹായകരമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ